# Malayala Manorama

# 27 August 2018

# Aroor, After Flood, Spreading Diseases, Flood Affected Areas

## കരുതിയിരിക്കണം രോഗങ്ങളെ

■ പ്രളയബാധിത പ്രദേശങ്ങളിൽ രോഗങ്ങൾ പടരുന്നു

അരൂർ • പ്രളയദുരിതങ്ങൾ കഴിഞ്ഞു തുടർച്ചയായി വെയിൽ തെളിഞ്ഞതോടെ പലയിടത്തും രോഗങ്ങൾ പടരുന്നു. സർക്കാർ-സ്വകാര്യാശുപത്രികളിൽ പനിയും ചുമയും ബാധിച്ചു നൂറുകണക്കിന് രോഗികളാണ് എത്തുന്നത്. പ്രളയക്കെടുതി മൂലം പല പ്രദേശങ്ങളും നിലവിൽ ചെളി നിറഞ്ഞ് അഴുകിയ നിലയിലാണ്. ഇതു രോഗങ്ങൾ പടരാനും കാരണമാകുന്നു.

തുറവൂർ ഗവ. ആശുപത്രി, അരൂക്കുറ്റി ഗവ. ആശുപത്രി എന്നിവിടങ്ങളിലാണ് രോഗികൾ കൂടുതലെത്തുന്നത്. ഇൻപേഷ്യന്റ് വിഭാഗത്തിലും നിരവധി രോഗികൾ കഴിയുന്നുണ്ട്. ആരോഗ്യവകുപ്പ് അധികൃതർ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ രോഗങ്ങൾ പടരാനുള്ള സാധ്യത ഏറെയാണ്. അഴുകിയ വെള്ളത്തിലൂടെ നടന്നു നിരവധിയാളുകളുടെ കാലുകളും ചൊറിഞ്ഞു തടിക്കുന്നുണ്ട്.

പ്രളയബാധിത സ്ഥലങ്ങളിലെ നിവാസികളും സന്നദ്ധ പ്രവർത്തകരും വ്യക്തിശുചിത്വം പാലിക്കുന്നതും മുൻകരുതലുകളെടുക്കുന്നതും വഴി രോഗങ്ങൾ പടരുന്നതു തടയാൻ സാധിക്കും.



അരൂക്കുറ്റി ഗവ. ആശുപത്രിയിൽ രോഗികളുടെ നീണ്ട നിര.